"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-നാട്ടിലേയ്ക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന ഉത്തരവിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.159/2021/വനം** തീയതി,തിരുവനന്തപുരം, 29/05/2021

---

പരാമർശം:- 1 സ.ഉ(സാധാ) നം.111/2020/വനം തീയതി, 18/05/2020

2 സ.ഉ(സാധാ) നം.284/2020/വനം തീയതി, 18/11/2020.

3 സ.ഉ(സാധാ) നം.5/2021/വനം തീയതി, 11/01/2021.

4 സ.ഉ(സാധാ) നം.25/2021/വനം തീയതി, 28/01/2021.

5 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 24/05/2021-ലെ WL 11-466/2011 നമ്പർ കത്ത്.

**ഉത്തരവ്**

കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിയ്ക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലയളവ് ആറ് മാസത്തേയ്ക്കായിരുന്നു. 17/11/2020 ൽ കാലാവധി കഴിഞ്ഞ പ്രസ്തുത ഉത്തരവ് പരാമർശം (2)ലെ സർക്കാർ ഉത്തരവ് പ്രകാരം 17/05/2021 വരെ ദീർഘിപ്പിച്ചുത്തരവായിരുന്നു. കൂടതെ, കാട്ടുപന്നികളെ കൊല്ലാൻ ഉപയോഗിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ചില ഭേദഗതികൾ വരുത്തി കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും, പ്രസ്തുത ഉത്തരവിന്റെ കാലാവധി പരാമർശം (2)ലെ സർക്കാർ ഉത്തരവിന്റ കാലാവധിയായ 17/05/2021 വരെ മാത്രമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം (4) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ചിലഭേദഗതികൾകൂടി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പരാമർശം(3) സർക്കാർ ഉടത്തരവിന്റെ കാലാവധി 17/05/2021 ൽ അവസാനിച്ചതിനാലും, കേരളത്തിൽ കാട്ടുപന്നികൾ മൂലമുള്ള നാശനഷ്ടങ്ങളിൽ കാര്യമായ കുറവ് ഉണ്ടാകാത്ത സാഹചര്യം കണക്കിലെടുത്തും ടി സർക്കാർ ഉത്തരവിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽകാലാവധി അവസാനിച്ച പരാമർശം (3) സർക്കാർ ഉത്തരവിന്റെ കാലാവധി 18/05/2021 മുതൽ ഒരുവർഷത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ടി ഉത്തരവ് പ്രകാരം എല്ലാ ഡിവിഷനുകളിലേയും സ്പെഷ്യൽ ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനുള്ള അടിയന്തര നടപടികൾ ചീഫ് വൈൽഡ് ലൈഫ് സ്വീകരിക്കേണ്ടതും ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച ശേഷം ഒരുമാസം തികയുന്ന മുറക്ക് എടുത്ത നടപടിക, നശിപ്പിച്ച കാട്ട് പന്നികളുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,
തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ആസ്ഥാനം വഴുതയ്ക്കാട്, തിരുവനന്തപുരം
ജില്ലാ കളക്ടർമാർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ